(ഇ) ഇത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽനിന്നും നൽകുന്ന ഭക്ഷണ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും തുടക്കമെന്ന നിലയിൽ കുറഞ്ഞത് 10 മാവേലി ഹോട്ടൽ വീതം ആരംഭിക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് സംസ്ഥാനത്തൊട്ടാകെ 52 മാവേലി ഹോട്ടലുകൾ ഇപ്പോൾ പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

(ബി) പലരും സന്നദ്ധരായി മുന്നോട്ടു വരുന്നില്ല എന്ന പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. എന്നാലും പദ്ധതി വിജയകരമായി നടപ്പിലാക്കി വരികയാണ്. സപ്ലൈകോയിൽനിന്നും സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുകയും ആയതിനായി അധികമായി 5 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സ്വാശ്രയ സംഘങ്ങൾ ഒന്നുംതന്നെ മാവേലി ഹോട്ടലുകൾ പ്രവർത്തിപ്പിക്കുന്നില്ല.

(ഡി) ഇത്തരം സ്വാശ്രയ സംഘങ്ങൾ മാവേലി ഹോട്ടലുകൾ തുടങ്ങാൻ സന്നദ്ധമായി മുന്നോട്ടുവന്നാൽ ആയതിനുള്ള എല്ലാ പ്രോൽസാഹനങ്ങളും നൽകുന്നതാണ്.

(ഇ) സ്വീകരിക്കുന്നതാണ്.

തടിലേലം സുതാര്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

7 (*457) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളിലെ മരങ്ങൾ മുറിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ;

(ബി) തടിലേല നടപടികൾ സുതാര്യമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ലേല തുക അടയ്ക്കുന്നതിനുള്ള സമയപരിധി, ലേലം ചെയ്യുന്ന തടിയെ സംബന്ധിച്ച വിവരങ്ങൾ എന്നിവ മുൻകൂട്ടി പ്രസിദ്ധം ചെയ്യുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തടി വില്പനയിലൂടെ കഴിഞ്ഞ വർഷം എത്ര കോടി രൂപ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സർക്കാരിന്റെ തടി ഡിപ്പോകളിൽ നിന്നും ഭവന നിർമ്മാണത്തിനായി സാധാരണക്കാർക്ക് തടി ചില്ലറ വിൽപ്പന നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) :

(എ) കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാനിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ വനങ്ങളിലെ മരങ്ങൾ മുറിയ്ക്കുവാൻ പാടുള്ളൂ. മുറിക്കുന്നതിനുള്ള മരങ്ങൾ മാർക്ക് ചെയ്ത് നെഞ്ച് ഉയരത്തിലുള്ള ചുറ്റുവണ്ണവും, ശേഖരിക്കാവുന്ന തടിയുടെ ഉദ്ദേശ നീളവും മാർക്കിംഗ് നമ്പരും ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്ത ശേഷം മാത്രമേ മരങ്ങൾ മുറിക്കാൻ പാടുള്ളൂ. മാർക്ക് ചെയ്ത മരങ്ങൾ മുറിക്കുന്നതിന് മുമ്പായി 25% മരങ്ങൾ റെയ്ഞ്ച് ഓഫീസറും, 10% മരങ്ങൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും പരിശോധിക്കേണ്ടതുണ്ട്.

(ബി) തടിലേല നടപടികൾ സുതാര്യമാക്കുന്നതിന്റെ ഭാഗമായി ലേല വ്യവസ്ഥകൾ 24-6-2008-ൽ പുതുക്കി നിശ്ചയിച്ച് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പുതുക്കിയ ലേല വ്യവസ്ഥകളും ഓരോ വർഷത്തെ ലേല തീയതികളും സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച് വരുന്നു. വനം വകുപ്പിന്റെ വെബ്സൈറ്റിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൂടാതെ ഓരോ ഡിപ്പോയിലും ഓരോ ലേലത്തിന് വയ്ക്കുന്ന തടിയുടെ അളവ് പത്രദ്വാരാ പരസ്യപ്പെടുത്തുന്നുണ്ട്. ലേലം ചെയ്യുന്ന ലോട്ടുകളുടെ ലിസ്റ്റ് ലേലത്തിന് മുമ്പ് തന്നെ ലഭ്യമാക്കുന്നുണ്ട്. ടെണ്ടർ-കം-ഓക്ഷൻ സമ്പ്രദായത്തിലാണ് വില്പന നടത്തുന്നത്.

(സി) കേരള സർക്കാർ ഗസറ്റ് മുഖേനയും, വെബ്സൈറ്റ് മുഖേനയും, പത്രമാധ്യമങ്ങൾ മുഖേനയും മുൻകൂട്ടി പ്രസിദ്ധീകരിച്ച് വരുന്നുണ്ട്.

(ഡി) 2009-2010 സാമ്പത്തിക വർഷത്തിൽ തടി വില്പനയിലൂടെ 236.24 കോടി രൂപ സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. ഭവന നിർമ്മാണത്തിന് തേക്കിന്റെ II, III, IV എന്നീ വിഭാഗത്തിൽപ്പെട്ട 5 ക്യൂബിക് മീറ്റർ വരെ തടികളാണ് ചില്ലറ വില്പനയിൽ ഒരാൾക്ക് ലഭിക്കുക. ചില്ലറ വില്പനയ്ക്കുള്ള ഓരോ തടിക്കും നിലവിലുള്ള ഷെഡ്യൂൾഡ് നിരക്കിന്റെയും മാർക്കറ്റ് നിരക്കിന്റെയും അടിസ്ഥാനത്തിൽ കൺസർവേറ്റർ ചെയർമാനും, സെയിൽസ് ഡി.എഫ്.ഒ., ടെറിറ്റോറിയർ ഡി.എഫ്.ഒ. എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണ് വില നിശ്ചയിക്കുന്നത്. തടി വാങ്ങാനുള്ള അപേക്ഷകൾ മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, ബിൽഡിംഗ് പെർമിറ്റ്, അംഗീകരിച്ച പ്ലാൻ തുടങ്ങിയവ സർക്കാർ ഡിപ്പോയിൽ ഹാജരാക്കണം. രേഖകൾ പരിശോധിച്ചതിനുശേഷം ഡിപ്പോ ഓഫീസർ മുൻഗണനാക്രമത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ടോക്കൺ നൽകും. ടോക്കൺ ലഭിച്ച അപേക്ഷകന് തടി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത തടിയുടെ പത്തിലൊന്ന് വില, പരമാവധി 20,000 രൂപ പണമായോ അല്ലെങ്കിൽ ആ സ്ഥലത്ത് മാറ്റാൻ കഴിയുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കണം. ബാക്കി പണം നികുതികൾ ഉൾപ്പെടെ മൂന്ന് ദിവസത്തിനകം അടച്ച്, ഏഴ് ദിവസത്തിനുള്ളിൽ തടികൾ നീക്കം ചെയ്യണം.

ധന-റവന്യൂ കമ്മി കുറയ്ക്കുന്നതിന് നടപടി

8 (*458) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ കടബാദ്ധ്യത വർദ്ധിക്കുന്നത് സാമ്പത്തിക വളർച്ചയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ധനക്കമ്മി കുറച്ചുകൊണ്ടുവരുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ തനതു വരുമാനത്തിൽ കഴിഞ്ഞ 5 വർഷക്കാലത്തെ വളർച്ച വ്യക്തമമാക്കുമോ ; മൂലധന ചെലവിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(ഡി) റവന്യൂ കമ്മി കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ദോഷകരമായി ബാധിച്ചിട്ടില്ല.

(ബി) സാധിച്ചിട്ടുണ്ട്. 2005-06-ൽ സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 3.33 ശതമാനം ആയിരുന്നു ധനക്കമ്മി. 2009-10-ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് ഇത് 3.16 ശതമാനമായി കുറഞ്ഞു.

(സി) സംസ്ഥാനത്തിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ തനതു വരുമാനത്തിന്റെ വളർച്ച ചുവടെ ചേർക്കുന്നു :

		(തുക കോടിയിൽ)
2005-06	-	10715.4
2006-07	-	12879.39
2007-08	-	14878.50
2008-09	-	17549.47
2009-10	-	19294.54 (പ്രാഥമിക കണക്ക്)

LIBRARY ARCHIVES Kerala Legislative Assembly